


# രക്ഷകനെ കാത്തിരുന്ന ജനം

5

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി.

പാഠം 12

# ഇസ്രായേലിന്റെ പ്രാർത്ഥനകളും ബലികളും



# പ്രാർത്ഥന എന്ന ആശയം

**ദൈവവുമായുള്ള സംഭാഷണം.**

**ദൈവത്തിന്റെ നാമം വിളിക്കുന്നത്.**

**ദൈവത്തിനു സ്തുതികളും ആരാധനയും സമർപ്പിക്കുന്നത്.**

പ്രാർത്ഥനകളും ബലികളും ദൈവലയത്തെ കേന്ദ്രീകരിച്ചാണ് ഇസ്രായേൽ ജനത്തിൽ നിലനിന്നിരുന്നത്.



# ദൈവാലയം

- വാഗ്ദാനപേടകം ഇസ്രായേൽ ജനതയുടെ മദ്ധ്യത്തിലെ ദൈവസാന്നിധ്യം.
- കൂടാരത്തിൽ സ്ഥാപിച്ചിരുന്ന വാഗ്ദാനപേടകത്തിനു യോജിച്ച വിധത്തിൽ ഒരു ദൈവാലയം നിർമ്മിക്കണമെന്നു ദാവീദ് ആഗ്രഹിച്ചു.
- സോളമനാണു ദൈവാലയം നിർമ്മിച്ചത്.
- 7 വർഷംകൊണ്ടു ജറുസലേം ദൈവാലയം പൂർത്തിയാക്കി.
- ഇസ്രായേൽ ജനത്തിനു സാന്നിധ്യമേകാൻ ദൈവം തെരഞ്ഞെടുത്ത സ്ഥലം.
- ഇസ്രായേൽക്കാരുടെ ജിവിതത്തിൽ ദൈവാലയനത്തിന് അതീവപ്രധാന്യം ഉണ്ടായിരുന്നു.

# സിനഗോഗ്:

യഹൂദർ നാടുകടത്തപ്പെട്ട സമയത്തു ദൈവാലയത്തെ കേന്ദ്രീകരിച്ച് ആരാധന നടത്താൻ കഴിയാതെയായി.

ദൈവാരാധനയ്ക്കു മറ്റു മാർഗ്ഗങ്ങൾ തിരഞ്ഞെടുത്തു. ഈ ഘട്ടത്തിൽ സിനഗോഗുകൾ നിർമ്മിച്ചു.

***സിനഗോഗ്– ഒന്നിച്ചുകൂടുക.*** **(സുനാഗോ – ഗ്രീക്ക്.)**

# സങ്കീർത്തനങ്ങൾ:

- ✓ ഇസ്രായേൽ ജനത്തിന്റെ ജീവിത സാഹചര്യങ്ങളിൽ രൂപം കൊണ്ട പ്രാർത്ഥനാഗീതങ്ങൾ.
- ✓ ദാവീദ് രാജാവാണ് സങ്കീർത്തനങ്ങളുടെ കർത്താവ് എന്നു കരുതപ്പെടുന്നു.
- ✓ 150 സങ്കീർത്തനങ്ങൾ.

**ഉള്ളടക്കത്തിന്റെ അടിസ്ഥാനത്തിൽ 3 ആയി തിരിച്ചിരിക്കുന്നു**

1. **സ്തുതിഗീതങ്ങൾ,**
2. **വിലാപഗീതങ്ങൾ,**
3. **കൃതജ്ഞതാഗീതങ്ങൾ.**

# ബലികൾ:

ആദിമ കാലം മുതൽ ദൈവത്തിനു ബലി അർപ്പിച്ചിരുന്നു. ദൈവ ത്തിന് ആരാധനയും സ്തുതിയും അർപ്പിക്കുന്നതിനും, തെറ്റുകൾക്കു പരിഹാരമായിട്ടുമാണു ബലികളർപ്പിച്ചിരുന്നത്.

## വിവിധ ബലികൾ:

1. സമാധാന ബലി,
2. പാപപരിഹാരബലി,
3. പ്രായശ്ചിത്തബലി.

എന്തു മനോഭാവത്തോടെ ബലി അർപ്പിക്കുന്നു എന്നതിലാണു ബലിയുടെ മഹത്വം.

# സാബത്താചരണം

സാബത്ത് – ഗ്രീക്ക് പദം – *വിശ്രമിക്കുക, വിരാമമിടുക* ദൈവശുശ്രൂഷയ്ക്കു മാറ്റിവച്ചിരിക്കുന്ന ദിനം. ദൈവത്തിന്റെ ഏഴാം ദിവസത്തിലെ വിശ്രമത്തെ അനുസ്മരിപ്പിക്കുന്നു.

ജൂബിലി ആചരണം

- ഇസ്രായേൽക്കാരുടെ സമൂഹികജീവിതത്തിൽ ജുബിലിക്ക് പ്രാധാന്യമുണ്ട്.
- 6 വർഷത്തെ അധ്വാനത്തിനു ശേഷം 7–ാം വർഷം സാബത്ത് വർഷമായി ആചരിക്കുന്നു.
- 7 സാബത്ത് വർഷങ്ങൾ കഴിഞ്ഞുവരുന്ന വർഷം *ജൂബിലി* വർഷ മാണ്.

# സഭയിലെ ദൈവാലയങ്ങളും ആചരണങ്ങളും

- പുതിയ ദൈവജനമായ സഭയുടെ ദൈവാരാധനയ്ക്കുള്ള സ്ഥലം……ദൈവാലയം
- ഞായറാഴ്ചയാണു സാബത്തായി ആചരിക്കുന്നത്.
- ദൈവത്തിന്റെ ബലിപീഠത്തിനു മുമ്പിൽ ഒരുമിച്ചുകൂടുന്നവരാണ് യഥാർത്ഥ ദൈവജനം.
- സഭയുടെ ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും പങ്കുകൊള്ളുമ്പോൾ ഈശോയുടെ കല്പന അനുസരിക്കാൻ നാം പ്രാപ്തരാകും.



# നമുക്കു പ്രർത്ഥിക്കാം

സർവശക്തനായ ദൈവമേ, ദൈവസാന്നിദ്ധ്യം നിറഞ്ഞുനിൽക്കുന്ന ദൈവാലയത്തിൽ ആദരവോടെ വ്യാപരിക്കുവാനും ഭക്തിയോടെ തിരുക്കർമ്മങ്ങളിൽ പങ്കുകൊള്ളുവാനും ഞങ്ങളെ സഹായിക്കണമേ



## നമുക്കു പാടാം

പ്രാർത്ഥനയെന്നാൽ ഭാഷണമല്ലോ
മർത്യാത്മാവും ദൈവവുമായി!
ആരാധനയും ദൈവസ്തുതിയും
ആത്മാവിൽനിന്നുയരുകയല്ലോ.

ദേവാലയമാണീശ്വരസന്നിധി
പൂവണിയിക്കും പാവനസദനം!
ഓർശ്ലേം ദൈവികമന്ദിരമിന്നും
ഓർമ്മകൾ തഴുകും പൂജിതഭവനം!

സങ്കീർത്തനമധുഗീതികൾ പാടാം
സർവേശ്വരനെപ്പാടിനമിക്കാം
ബലിയർപ്പിക്കാം ദൈവത്തിൻ തിരു
സന്നിധിചേർന്നു കൃതജ്ഞതയേകാം.

# ദൈവവചനം വായിക്കാം, വിവരിക്കാം

**ജറുസലേം ദൈവാലയത്തിന്റെ പ്രതിഷ്ഠാകർമ്മം വിവരിക്കുക**

# വഴികാട്ടാൻ ഒരു തിരുവചനം

**‘കർത്താവിന്റെ ഭവനത്തിൽ**
**വസിക്കുന്നവർ**
**എത്രയോ ഭാഗ്യവാന്മാർ’ (സങ്കീർത്തനം 84:4)**

# എന്റെ തീരുമാനം

വിശുദ്ധബലിയിൽ പങ്കുചേർന്നും മതബോധന ക്ലാസ്സിൽ സംബന്ധിച്ചും നന്മപ്രവൃത്തികൾ ചെയ്തും ഞാൻ ഞായറാഴ്ചദിവസം വിശുദ്ധമായി ആചരിക്കും

# സ്വന്തമാക്കേണ്ട ബോധ്യങ്ങൾ

* ഇസ്രായേൽ ജനം ദൈവശുശ്രൂഷയ്ക്കായി ശനിയാഴ്ച സാബത്തായി ആചരിച്ചു.

* സഭയിൽ ഞായറാഴ്ച സാബത്തായി ആചരിക്കുന്നു.

# സ്വന്തമാക്കേണ്ട മനോഭാവങ്ങൾ

* ബലിവസ്തുക്കളോടൊപ്പം നമ്മുടെ ഹൃദയങ്ങളെയും നാം ദൈവത്തിനു സമർപ്പിക്കണം.

* ഈശോ വസിക്കുന്ന ദൈവാലയത്തിൽ ഭയഭക്തിയോടെ പെരുമാറണം



# സ്വന്തമാക്കേണ്ട ശീലങ്ങൾ

* ഞായറാഴ്ച ദിനം പരിശുദ്ധമായി ആചരിക്കാൻ ഞാൻ ശ്രദ്ധിക്കും




THANK
YOU